# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.237** **03.02.2020 - ൽ മറുപടിയ്ക്ക്**

## അന്ധതാ നിവാരണ പദ്ധതി

| | ചോദ്യം<br>ശ്രീ.റ്റി.വി. രാജേഷ് : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അന്ധതാ നിവാരണ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ കാഴ്ച വൈകല്യങ്ങൾ പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ അന്ധത പരിഹരിക്കുന്നതിനായി എല്ലാ സ്കൂളുകളിലും കാഴ്ച പരിശോധിച്ച് റിഫ്രാക്റ്ററി എറർ ഉണ്ടോ എന്ന് കണ്ടെത്തി അത് പരിഹരിക്കുന്നതിനായി സൗജന്യ കണ്ണട വിതരണം നടത്തിവരുന്നു. സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധനയുമായി ബന്ധപ്പെട്ട് ജില്ലയിലെ ഒപ്റ്റോമെട്രിസ്റ്റുമാർ സ്കൂളുകൾ സന്ദർശിച്ച് കുട്ടികളുടെ കാഴ്ച പരിശോധിച്ച് ആവശ്യമായ കണ്ണടകൾ ജില്ലാ അടിസ്ഥാനത്തിൽ സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ സ്കൂൾ കുട്ടികൾക്കായി നേത്രാരോഗ്യ പരിപാലനത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. അദ്ധ്യാപകർക്ക് കുട്ടികളുടെ കാഴ്ച വൈകല്യം നേരത്തെ കണ്ടെത്തുന്നതിനായുള്ള ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.<br><br>നവജാത ശിശുക്കളിലെ നേത്രാന്തര പടലാന്ധതയ്ക്ക് കാരണമായേക്കാവുന്ന റെറ്റിനോപ്പതി ഓഫ് പ്രിമച്വറിറ്റി മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ സൗജന്യമായി നൽകിവരുന്നു.<br><br>കൂടാതെ പ്രീസ്കൂൾ കുട്ടികളിലെ (0-5 വയസ്സ്) കാഴ്ച വൈകല്യം മുൻകൂട്ടി കണ്ടെത്തുന്നതിന് പാലക്കാട് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെയും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റേയും നേതൃത്വത്തിൽ "സുനേത്രം" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലൂടെ 0-5 വയസ്സുള്ള കുട്ടികളുടെ കാഴ്ചവൈകല്യം മുൻകൂട്ടി കണ്ടെത്തി ചികിത്സ നൽകുവാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഇതിനുപുറമേ ജില്ലാ അടിസ്ഥാനത്തിൽ തന്നെ സ്കൂൾ കുട്ടികളുടെ കണ്ണുകൾ പരിശോധിച്ച് കാഴ്ച വൈകല്യം ഉള്ള കുട്ടികൾക്ക് കണ്ണട സൗജന്യമായി നൽകുന്നതിനായി കണ്ണൂർ ജില്ലയിൽ നടത്തിയ ഊർജ്ജിത നേത്ര പരിശോധന പദ്ധതിയായ 'മിഴി' മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. സ്കൂളിൽ പ്രവേശനം നേടുമ്പോൾ തന്നെ കുട്ടികളുടെ കാഴ്ച പരിശോധിക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോച്ച് നടപ്പിലാക്കുന്നതാണ്. |
| (ബി) | ജില്ലകളിലെ അന്ധതാ നിവാരണ സമിതി വഴി സൗജന്യമായി സ്കൂൾ കുട്ടികൾക്ക് താമസം കൂടാതെ കണ്ണട നൽകുന്നതിന് ജില്ലാതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | 2019-20 സാമ്പത്തിക വർഷം മുതൽ സ്കൂൾ കുട്ടികളുടെ കണ്ണട വാങ്ങുന്നത് സംസ്ഥാന തലത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ്. നേത്ര പരിശോധനയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നിന്നും സ്കൂൾ കുട്ടികളുടെ കണ്ണടകളുടെ കുറിപ്പടികൾ സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലെ സ്കൂൾ കുട്ടികളുടെ കണ്ണടകളുടെ കുറിപ്പടികളും, കണ്ണടകൾക്ക് ആവശ്യമായ തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. വൈകാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കണ്ണടകൾ വാങ്ങി ജില്ലകളിൽ ലഭ്യമാക്കുന്നതും, കണ്ണട വിതരണം നടത്തുന്നതുമാണ്. |
| (സി) | ജില്ലാ ഓഫ്താൽമിക്ക് കോ-ഓർഡിനേറ്റർമാരുടെ സേവനം ജില്ലാ മെഡിക്കൽ ഓഫീസുകളിൽ കൂടി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ ജില്ലകളിലെ മൊബൈൽ ഒഫ്താൽമിക് യൂണിറ്റുമായി ഏകോപിപ്പിച്ച് ക്യാമ്പുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ജില്ലാ ഒഫ്താൽമിക് കോ-ഓർഡിനേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ അന്ധതാ നിയന്ത്രണ കാഴ്ച വൈകല്യ പദ്ധതിയുടെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ജില്ലാ ഓഫ്താൽമിക് കോ-ഓർഡിനേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ